(ബി) എല്ലാ പഞ്ചായത്തുകളിലും മേൽ സൂചിപ്പിച്ച പദ്ധതികൾ നടപ്പാക്കുന്നുണ്ട്. സുവർണ്ണ ജൂബിലി മൈത്രി ഭവന പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിലാണ് നടപ്പാക്കേണ്ടതെന്നു തീരുമാനിച്ചിട്ടില്ല. ഈ പദ്ധതിക്കായി 10 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

6 (2384) ഹരിജൻ കോളനികളിൽ വൈദ്യുതി എത്തിക്കാൻ നടപടി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഹരിജൻ കോളനികളിലും വൈദ്യുതി എത്തിക്കുവാൻ എന്തെങ്കിലും പുതിയ നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ കേരളത്തിലെ എല്ലാ ഹരിജൻ കോളനികളിലും വൈദ്യുതി എത്തിക്കുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)ആന്റ്(ബി) പ്രത്യേകിച്ച് നിർദ്ദേശമൊന്നും പരിഗണനയിലില്ല. പക്ഷെ വൈദ്യുതി ഇപ്പോൾ ലഭ്യമല്ലാത്ത എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കാനാണ് ശ്രമിച്ചു വരുന്നത്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

7 (2385) സ്പിൽ ഓവർ വർക്കുകളുടെ നടത്തിപ്പ്

ശ്രീമതി ആർ ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.പി.യിലെ സ്പിൽ ഓവർ വർക്കുകളുടെ നടത്തിപ്പിന് ഗവൺമെന്റ് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കൊല്ലം ജില്ലയിൽ ഈ സ്കീമിൽപ്പെടുത്തിയ റോഡ് പുനരുദ്ധാരണത്തിനുള്ള എത്ര വർക്കുകളാണ് സ്പിൽ ഓവറായി ഉള്ളത്;

(സി) ചടയമംഗലം മണ്ഡലത്തിലെ ആറ്റുപുറം പാലോണം റോഡ് എസ്.സി.പിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്താൻ ഉത്തരവായത് എന്നാണെന്ന് അറിയിക്കുമോ;

(ഡി) വർഷങ്ങളായി റോഡുപണി ഇഴഞ്ഞു നീങ്ങുകയാണെന്ന് സർക്കാരിനറിവുണ്ടോ;

(ഇ) ഈ വർക്ക് നടത്താൻ ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്;

(എഫ്) പണി പൂർത്തീകരിക്കാനുള്ള തടസ്സം എന്താണെന്നത് അറിയിക്കുമോ;

(ജി) എന്നേക്ക് തടസ്സം നീക്കി പണി പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്പിൽ ഓവർ വർക്കുളുടെ നടത്തിപ്പിനു വേണ്ട തുക ജില്ലാ കളക്ടർമാർക്ക് നൽകുകയും വർക്കുകളുടെ നടത്തിപ്പിന്റെ ചുമതല ജില്ലാ പട്ടിക ജാതി വികസന ആഫീസർ, പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം എക്സി.എഞ്ചിനിയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, വാട്ടർ സപ്ലൈ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മണ്ണു സംരക്ഷണ ആഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ത്രിതല പഞ്ചായത്തുകൾക്കും ഈ പണികൾ ഏറ്റെടുക്കാവുന്നതാണ്.

(ബി) 14 വർക്കുകൾ

(സി) 1.2.96 ലാണ് ഉത്തരവായത്.

(സി) ഉണ്ട്. എത്രയും വേഗത്തിൽ പണി പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) കൊല്ലം പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെയാണ് ഈ വർക്ക് നടത്തുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(എഫ്)ആന്റ്(ജി) പണി പുരോഗമിക്കുകയാണ്. 1999 ഒക്ടോബർ മാസത്തിനകം പണി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

8 (2386) "പട്ടികവർഗ്ഗ ഊരുകളിൽ മൊബൈൽ ഡിസ്പെൻസറി"

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ഊരുകളിൽ ചികിത്സാ സൗകര്യം ലഭിക്കണമെങ്കിൽ ഊരുകളിൽ നിന്നും ശരാശരി എത്ര കിലോമീറ്റർ അകലെ പോകേണ്ടതുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഗുരുതരമായ രോഗം ബാധിച്ചവരെ അകലെകൊണ്ടുപോയി ചികിത്സിക്കുന്നതിനുള്ള അസൗകര്യം കണക്കിലെടുത്ത് പട്ടികവർഗ്ഗ ഊരുകളിൽ മൊബൈൽ ഡിസ്പെൻസറികളുടെ സേവനം നൽകുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ എല്ലാ പഞ്ചായത്തുകൾക്കും ഓരോ പ്രാഥമികാരോഗ്യ കേന്ദ്രമുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ നിന്ന് ഉദ്ദേശം 4 മുതൽ 8 വരെ കി.മീ ചുറ്റളവിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ/സർക്കാർ ആശുപത്രിയുമുണ്ട്. കൂടാതെ ഓരോ 50 കി.മീ ചുറ്റളവിലും ഒരു താലൂക്ക് ആശുപത്രി/പ്രധാന സർക്കാർ ആശുപത്രിയും ഓരോ 80 കി.മീ. ചുറ്റളവിലും ഒരു ജില്ലാ ആശുപത്രി/ജനറൽ ആശുപത്രിയുമുണ്ട്.

(ബി) ഇപ്പോൾതന്നെ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ നിലവിലുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly